**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഏറനാട് നിയമസഭാ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; | (എ) | ഏറനാട് നിയമസഭാ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികജാതി വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷത്തിനിടെനടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | നെല്ലിയായി കമ്മ്യൂണിറ്റി ഹാൾ | 15,00,000/- | 15,00,000/- |
| 2. | പാറേക്കാട് അഴുക്ക ചാൽ നിർമ്മാണം | 1,84,194/- | 1,84,194/- |
| 3. | പാലക്കയം-വെറ്റിലക്കൊല്ലി പാലം നിർമ്മാണം. | 1,34,90,480/- | 1,34,90,480/- |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കാലയളവിൽ ഭവനനിർമാണം, കോളനി വികസനം, കുടിവെള്ളം, റോഡ്, വൈദ്യുതി, ശുചിത്വ സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2018 മുതൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല. ഏറനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന/ കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾക്കായി ആകെ 2,66,12,903/- രൂപ അനുവദിച്ചതിൽ 1,13,58,711/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു . |

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | കണ്ണംകണ്ട് ഭവന നിർമ്മാണം | 1,54,20,000 | 1,54,20,000 |
| 2. | നെല്ലിയായി കമ്മ്യൂണിറ്റി ഹാൾ | 15,00,000/- | 15,00,000/- |

| | | | |
|---|---|---|---|
| 3. | പാറേക്കാട് അഴുക്കുചാൽ നിർമ്മാണം | 1,84,194/- | 1,84,194/- |
| 4. | പാലക്കയം-വെറ്റില ക്കൊല്ലി പാലം നിർമ്മാണം. | 1,34,90,480/- | 1,34,90,480/- |

| | | | |
|---|---|---|---|
| (സി) | ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാരമായി എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഏറനാട് മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല .<br><br>നിലവിൽ ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ നഗറുകളിൽ അടിസ്ഥാന സൗകര്യക്കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പ്രത്യേക പട്ടിക തയ്യാറാക്കിയിട്ടുണ്ട് . വകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു . |
| (ഡി) | ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | പട്ടികജാതി വികസന വകുപ്പ് മുഖേന ഏറനാട് മണ്ഡലത്തിലെ കാവനൂർ ഗ്രാമ പഞ്ചായത്തിലെ പട്ടപ്പുങ്ങൽ തോട് സംരക്ഷണ ഭിത്തി നിർമ്മാണം 2025-26 വർഷത്തെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .അടങ്കൽ തുക 24,00,000/- രൂപയാണ് .<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചോലാറ, വാളാന്തോട് ഉന്നതികളെ അംബേദ്കർ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . വെറ്റിലക്കൊല്ലി നഗറിലേക്ക് റോഡ്, വൈദ്യുതി എന്നിവ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു . |
| (ഇ) | നിലവിൽ വിവിധ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നത് ഏതൊക്കെ പട്ടികജാതി പട്ടിക വർഗ്ഗ ഉന്നതികളിലാണെന്നും ആയവയുടെ പുരോഗതി എന്താണെന്നും വെളിപ്പെടുത്താമോ? | (ഇ) | പട്ടികജാതി വികസന വകുപ്പ് ഏറനാട് മണ്ഡലത്തിൽ കൊടിഞ്ഞാറുപൊയിൽ, കരിപ്പത്തിച്ചാൽ എന്നീ പട്ടികജാതി നഗറുകളിലാണ് നിലവിൽ പ്രവൃത്തികൾ നടത്തി വരുന്നത്.<br><br>കൊടിഞ്ഞാറുപൊയിൽ 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും കരിപ്പത്തിച്ചാലിൽ 15 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് വെറ്റിലക്കൊല്ലി നഗറിൽ വൈദ്യുതി ലൈൻ സ്ഥാപിക്കുന്ന പദ്ധതിക്കായി 98,00,977/- രൂപയും വെറ്റിലക്കൊല്ലി നഗർ റോഡ് നിർമ്മാണത്തിനായി 300 ലക്ഷം രൂപയും പ്രവർത്തികൾ നടപ്പിലാക്കുന്നതിന് വകുപ്പുകൾക്ക് കൈമാറി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഏറനാട് നിയമസഭാ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികജാതി വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്രമ നം. | വർഷം | നഗറിന്റെ പേര് | പദ്ധതി | റിമാർക്സ് |
|---|---|---|---|---|
| 1 | 2023-24 | കൊടിഞ്ഞാറ്റുപൊയിൽ | അംബേദ്കർ ഗ്രാമവികസന പദ്ധതി | 90 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | | കരിപ്പത്തിച്ചാലിൽ | | 15% പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | 2021-22 | കുരുന്നി പട്ടികജാതി നഗർ റോഡ് നിർമ്മാണം | കോർപ്പസ് ഫണ്ട് | പൂർത്തീകരിച്ചു |
| 4 | 2022-23 | ചെവിടിക്കുഴി പട്ടികജാതി നഗർ ഭവന സുരക്ഷ,റോഡ് നിർമ്മാണം | | പൂർത്തീകരിച്ചു |
| 5 | 2023-24 | മഞ്ചേരിക്കുത്ത് പട്ടികജാതി നഗർ | | പൂർത്തീകരിച്ചു |
| 6 | | മഴക്കോട് ചപ്പങ്ങാത്തോട്ടം റോഡ് നിർമ്മാണം | | പൂർത്തീകരിച്ചു |